**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4322** **28-10-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുള്ള സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ സർക്കാർ നിർദ്ദേ ശിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു. 1. 30 സെന്റ് കൃഷി ഭൂമി ഉള്ളവരും അതിൽ 75% ത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ. II. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ. III. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ IV. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂ പരിധിയില്ല. കാർഷിക ആവശ്യങ്ങൾക്കായി ഉപയോ ഗിക്കുന്ന വൈദ്യുതിക്ക്, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് വൈദ്യുതി ബിൽ നൽകി വരുന്നത്. വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യ ങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ LT- V A താരിഫ് വിഭാഗ ത്തിലും, കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-V B താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു. താരിഫ് LT- V A LT-V B ഫിക്സഡ് ചാർജ് - 10 - 10 (Rs./kWh) / പ്രതിമാസം) എനർജി ചാർജ് 0 0 (Rs./kWh) - 2.30 - 2.80 സാധാരണ ഗതിയിൽ കാർഷിക കണക്ഷനുകൾപ്പെടെ ഏതു വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത്. |

| | | | |
|---|---|---|---|
| | | | നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജജ് അടയ്ക്കുന്നത് കൃഷിവകുപ്പ് ആയതിനാൽ, കൃഷിവകുപ്പ് നിഷ്കർഷിച്ചി രിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ KSEBL നല്കി വന്നിരുന്നത്. |
| (ബി) | പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ കർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കാർഷിക കണക്ഷനുകൾ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് കാർഷിക കണക്ഷനുകൾക്ക് പ്രീ പെയ്മെന്റ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല. കേന്ദ്ര സർക്കാർ 31.12.2020- ൽ പുറപ്പെടുവിച്ച Electricity (Right of consumers) Rule,2020 പ്രകാരം, വൈദ്യുതി കണക്ഷനുകൾ ഒന്നും തന്നെ മീറ്ററുകൾ സ്ഥാപിക്കാതെ നൽകരുതെന്നും, അത്തരം മീറ്ററുകൾ പ്രീ പെയ്മെന്റ് മീറ്ററോ, പ്രീ പെയ്മെന്റ് സ്മാർട്ട് മീറ്ററോ ആയിരിക്കണമെന്നും നിഷ്കർഷി ക്കുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ 17.08.2021-ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം കാർഷിക വിഭാഗം ഉപഭോക്താക്കളെ സ്മാർട്ട് പ്രീ പെയ്മെന്റ് മീറ്റർ സ്ഥാപിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ